# കലാപഭൂമികളിലൂടെ

റി.ജി.വിജയകുമാർ

1990 ലായിരുന്നു, ആ സംഭവം. ഔദ്യോഗികാവശ്യങ്ങൾക്കായി ബംഗ്ലാദേശിന്റെ തലസ്ഥാനമായ ധാക്കയിലെത്തിയതായിരുന്നു, ഞാൻ. ജനറൽ മുഹമ്മദ് എർഷാദ് എന്ന സൈനികത്തലവന്റെ ഏകാധിപത്യ ഭരണത്തിൻ കീഴിൽ ഞെരിഞ്ഞമർന്ന രാജ്യത്തെ ജനങ്ങളുടെ പ്രതിഷേധം തീക്ഷ്ണമായി രൂപാന്തരം പ്രാപിക്കുകയും അതിന്റെ ബഹിർസ്ഫുരണങ്ങൾ ശക്തമായ പ്രക്ഷോപണങ്ങളായി തെരുവുകളിൽ കത്തിജ്വലിക്കുകയും ചെയ്യുന്ന സമയം. ഒരു സുഹൃത്തിന്റെ ആവർത്തിച്ചുള്ള ക്ഷണം നിരസിക്കാനാവാതെയാണ് അന്ന് ചായ സൽക്കാരത്തിനായി അദ്ദേഹത്തിന്റെ വീട്ടിൽ എത്തിയത്. സൽക്കാരത്തിനും സൗഹൃദസംഭാഷണത്തിനും ശേഷം യാത്ര പറഞ്ഞു പിരിയാനിറങ്ങുമ്പോഴാണ് അശനിപാതം കണക്കെ ആ വാർത്ത റി.വി.യിൽ പ്രത്യക്ഷപ്പെട്ടത്. ബംഗ്ലാദേശിലെങ്ങും കടുത്ത നിശാനിയമം പ്രഖ്യാപിച്ചിരിക്കുന്നു. ആളുകൾ വീടുകളിൽ നിന്നും പുറത്തിറങ്ങരുതെന്ന് പട്ടാളം അറിയിക്കുന്നു. പെട്ടെന്ന് തിരിച്ചു പോകാമെന്നു കരുതിയ എന്നെ ബംഗ്ലാദേശി സുഹൃത്തും കുടുംബാംഗങ്ങളും അനുവദിച്ചില്ല. തിരിച്ചു പോകേണ്ടത് മിലിട്ടറി കന്റോൺമെന്റ് ഏരിയായിൽക്കൂടിയാണെന്നും, ഒരു ഇൻഡ്യാക്കാരനെന്ന നിലയ്ക്ക് അപകടമുണ്ടാക്കുമെന്നും അവർ ഉപദേശിച്ചു. അവരുടെ സ്നേഹപൂർണ്ണമായ നിർബന്ധത്തിനു വഴങ്ങി മൂന്നു ദിവസം അവിടെ തന്നെ താമസിക്കേണ്ടി വന്നു. നാടൻ ശൈലിയിൽ "ഉടുതുണിക്കു മറുതുണിയില്ലാതെ" രണ്ടു കുട്ടികൾ കൂടി അടങ്ങുന്ന ആ കുടുംബത്തിന്റെ "അപ്രതീക്ഷിത അഭയാർത്ഥി"യായി അവിടെ തങ്ങേണ്ടി വന്ന മൂന്നു ദിവസം എനിക്കെന്നോ നഷ്ടപ്പെട്ടു പോയ ഊഷ്മളസ്നേഹത്തിന്റെ ആകസ്മികമായ പുനരനുഭവങ്ങളായിരുന്നു. അവർ ഓരോരുത്തരും എന്റെ കാര്യങ്ങൾ പ്രത്യേകമായി മാറി മാറി ശ്രദ്ധിക്കുന്നു. സുഹൃത്തും ഭാര്യയും അവരുടെ ജോലിക്കു പോകുമ്പോൾ എനിക്കായി കുട്ടികൾ കാവലിരുന്നു. പുറത്ത് ബാബറി മസ്ജിദ് തകർത്തു എന്ന വ്യാജപ്രചരണത്തിന്റെ ഫലമായുണ്ടായ ഇൻഡ്യാ വിരുദ്ധ പ്രക്ഷോഭം കത്തിപ്പടരുമ്പോൾ, ഹിന്ദുക്കളായ ആളുകളേയും അവരുടെ സ്ഥാപനങ്ങളേയും തേടിപ്പിടിച്ചാക്രമിച്ചു കൊണ്ടിരിക്കുമ്പോൾ ഇൻഡ്യക്കാരനായ എനിക്ക് എല്ലാ സംരക്ഷണവും സ്നേഹവും പരിചരണങ്ങളും നൽകി ഒരു മുസ്ലീം കുടുംബം കണ്ണിലെണ്ണയുമൊഴിച്ച് ഉറക്കളച്ചിരുന്നു. മൂന്നു ദിവസങ്ങൾക്കു ശേഷമുള്ള സായാഹ്നത്തിൽ കർഫ്യൂ രണ്ടു മണിക്കൂർ നേരത്തേക്കിളവു ചെയ്തപ്പോൾ എനിക്ക് ശ്വാസം വീണതുപോലെ. ഒട്ടും താമസിയാതെ മടക്കയാത്ര ആരംഭിച്ചു.

ആർക്കും പെട്ടെന്നു തിരിച്ചറിയാതിരിക്കാൻ ഒരു കള്ളനെപ്പോലെ തലവഴി മൂടുന്ന ജാക്കററും ധരിച്ച് ഇൻഡ്യൻ നിർമ്മിതമായ ഒരു ബേബി ടാക്സിയിൽ പുറപ്പെട്ടു. (നമ്മുടെ ഓട്ടോറിക്ഷയ്ക്കാണ് അവർ ബേബി ടാക്സിയെന്നു പറയുന്നത്. ആ ഓട്ടോറിക്ഷ നിർമ്മിച്ചത് തിരുവനന്തപുരത്തെ ഗഅഘ ലിമിററഡ് ആയിരുന്നു.) ചന്ദൻറോയി എന്ന സുഹൃത്തിന്റെ കുടുംബത്തിലെ പേയിംഗ് ഗസ്റ്റ് ആയിട്ടായിരുന്നു എന്റെ താമസം. നഗരമദ്ധ്യത്തിലായിരുന്നെങ്കിൽകൂടി ഒരു നല്ല ഗ്രാമത്തിന്റെ അന്തരീക്ഷം പകരുന്ന ആ വീടിനു ചുററുമുള്ള മുഴുവൻ കുടുംബങ്ങളും തന്നെ മുസ്ലീം സമുദായത്തിൽപ്പെടുന്നവരായിരുന്നു. ചുരുങ്ങിയ സമയം കൊണ്ടുതന്നെ അയൽക്കാരും അവിടുത്തെ ചെറുപ്പക്കാരും എന്റെ നല്ല സുഹൃത്തുക്കളായി മാറിയിരുന്നു. അവിടെ എത്തിയ പാടെ ചെറുപ്പക്കാരുടെ ഒരു സംഘം തന്നെ എന്നെ തേടിയെത്തി. ഭയപ്പാടോടെ ആണെങ്കിലും സുഹൃത്തുക്കളായ അവരുടെ ഇടയിലേയ്ക്കിറങ്ങിച്ചെന്ന എന്നെ കണ്ടപാടെ ഓടിവന്ന് അവർ ആശ്ലേഷിച്ചു, സമാധാനിപ്പിച്ചു. എന്നെപ്പററിയുള്ള കൂടുതൽ വിവരങ്ങൾ അറിയാത്തതിനാൽ പരിഭ്രാന്തരായ അവരുടെ മുഖത്തെ ആശ്വാസഭാവം ഞാൻ ശ്രദ്ധിച്ചു. മൂന്നു ദിവസത്തെ താമസത്തിന്റേയും മററും കാര്യങ്ങൾ ഗ്രഹിച്ചറിഞ്ഞ അവർ ഉപദേശിച്ചു, നന്നായി.. ഇനി ആരു വിളിച്ചാലും പുറത്തിറങ്ങരുത്. ഞങ്ങൾ എല്ലാവരും ഈ പരിസരത്തു കാണും. അവർ പല ഗ്രൂപ്പുകളായി തിരിഞ്ഞ് രാത്രിയും പകലും ചന്ദൻറോയിക്കും കുടുംബത്തിനും അദ്ദേഹത്തിന്റെ ഇൻന്ത്യാക്കാരനായ സുഹൃത്തിനും കാവൽ നിന്നു. ആരും വരാതെ, വന്നാൽ നേരിടാൻ തയ്യാറെടുത്ത് വീടിന്റെ ടെറസിൽ കയറി നിന്നാൽ കാണാം ഒരു വിഭാഗം ജനങ്ങളുടെ കുടിലുകളും വ്യവസായസ്ഥാപനങ്ങളും കത്തിയുയരുന്നു. വംശീയവിദ്വേഷത്തിന്റെ അഹങ്കാരങ്ങൾ കത്തിയുയർന്ന് ആകാശമാകെ പുകച്ചുരുളുകളാൽ കറുത്തിരുണ്ടു. ആയുധമേന്തിയ "വിശുദ്ധ വിപ്ലവകാരി"കളുടെ അക്രോശങ്ങളും അട്ടഹാസങ്ങളും തുടർച്ചയായി കേൾക്കാമായിരുന്നു. പോലീസ് വാഹനങ്ങളുടെ ഇരമ്പലും, ഇടക്കിടെയുള്ള നാടൻ ബോംബുകളുടെ ഉഗ്രസ്ഫോടന ശബ്ദവും ആരെയും ഭയചകിതരാക്കി. പുറത്തേക്കൊന്നെത്തി നോക്കുവാൻ പോലുമാകാതെ ശ്വാസനിശ്വാസങ്ങളുടെ കമ്പനത്തെപ്പോലും നിയന്ത്രിച്ചുകൊണ്ട്, നാലു ചുമരുകൾക്കുള്ളിൽ, കരിമ്പടത്തിനടിയിൽ ആശ്വാസം തേടി. അപ്പോഴുമെനിക്കു ധൈര്യം പകർന്നത് സാധാരണക്കാരന്റെ നന്മ നിറഞ്ഞ മനസ്സുകൾ ആ വീട്ടിനു ചുററും കാവലുണ്ടെന്നതു തന്നെയായിരുന്നു. ഏതാണ്ടൊരാഴ്ച സമയമെടുത്തു സാധാരണ ഗതിയിലേക്കു തിരിച്ചു വരുവാൻ. പിന്നീടെപ്പോഴോ സുഹൃത്തുക്കൾ പറഞ്ഞറിയാനിടയായി, പലേ വ്യവസായശാലകളും , ഭൂമിയുമെല്ലാം കലാപത്തിന്റെ മറവിൽ അവിടത്തെ ഒരു വിഭാഗമാളുകൾ ഗുണ്ടകളുടേയും മററും സഹായത്തോടെ കൈക്കലാക്കിയത്രെ. അതിന്റെ ഉടമസ്ഥർ അന്യ ജില്ലകളിലേക്കും, ഇൻഡ്യയിലേക്കും, മ്യാൻമറിലേക്കുമൊക്കെ പലായനം ചെയ്തുവത്രെ. വീടും കിടപ്പാടവും നഷ്ടപ്പെട്ടവർ അനവധി. അമ്മയേയും മകളേയും ഒരേ സ്ഥലത്തിട്ട് കൂട്ടബലാൽസംഗം ചെയ്ത കേസുകളും ഉണ്ടായി. അക്രമണകാരികളുടെ മതം സ്വീകരിച്ചു കൊള്ളാമെന്നു സമ്മതിച്ച് ബലാൽസംഗത്തിനിരയാകാതെ രക്ഷപെട്ട കേസുകളും നിരവധി. ഒരു ദേശത്തെയാകെ വിദ്വേഷത്തിന്റെ മുൾമുനയിൽ നിർത്തിയതിന്റെ ദുരുദ്ദേശം ഇതൊക്കെയായിരുന്നുവോ ? ജനറൽ മുഹമ്മദ് എർഷാദിന്റെ ഏകാധിപത്യ ഭരണത്തിനെതിരെ അലയടിച്ചുയർന്നിരുന്ന ജനകീയ പ്രക്ഷോപണങ്ങളുടെ ശ്രദ്ധ തിരിക്കുവാനും ഗതി മാററി

വിടുവാനുമായി അദ്ദേഹത്തിന്റെ പാർട്ടിയായ 'ജാതീയപാർട്ടി' ആസൂത്രണം ചെയ്തതാണ് ആ കലാപം എന്നും വാർത്തയുണ്ടായിരുന്നു.

ഏതാണ്ടൊന്നര വർഷത്തിനു ശേഷമായിരുന്നു രണ്ടാമത്തെ അനുഭവം. ഔദ്യോഗികാവശ്യത്തിനായി 'ദുബായിലെ' ഒരു ഹോട്ടലിൽ ഏതാണ്ട് ആറുമാസക്കാലം താമസിക്കേണ്ടതായി വന്നു. 1992 ഡിസമ്പർ 7. രാവിലെ റ്റി.വി. തുറന്ന് ആയിടെ മാത്രം തുടങ്ങിയ 'സീ റ്റി.വി.' എന്ന ഹിന്ദി ചാനലിൽ വാർത്തകളുടെ കൂട്ടത്തിൽ കറെയേറെ ആളുകൾ തലേ ദിവസം അയോദ്ധ്യയിൽ ബാബറി മസ്ജിദ് പൊളിക്കുന്ന വാർത്തയും കണ്ടു. ഇൻഡ്യയിലെ അവസ്ഥ എന്താകുമെന്ന് ഓർക്കാതിരുന്നില്ല. എങ്കിലും ജോലിത്തിരക്കു മൂലം പെട്ടെന്നു റ്റി.വി. ഓഫ് ചെയ്ത് ഒരു ടാക്സിയിൽ 'ഷാർജ'യിലെത്തി. അവിടത്തെ മലയാളി ഹോട്ടലിലെ പ്രഭാതഭക്ഷണം എനിക്കിഷ്ടമായിരുന്നു. പതിവു റസ്റ്റോറന്റ് അടച്ചിരിക്കുന്നു. അടുത്ത റസ്റ്റോറന്റിൽ ചെന്നപ്പോൾ അതും അടച്ചിരിക്കുന്നു. അപ്പോഴാണതു ശ്രദ്ധിച്ചത്, അവിടമാകെ വിജനം. കടകളെല്ലാം അടച്ചിരിക്കുന്നു. എന്തു ചെയ്യേണ്ടു എന്നറിയാതെ ചിന്തിച്ചു നിൽക്കുന്ന എന്റെ അടുത്തേക്ക് പാക്കസ്ഥാനി എന്നു തോന്നിപ്പിക്കുന്ന ഒരു ചെറുപ്പക്കാരൻ ഓടിവന്നു ചോദിച്ചു, "നിങ്ങൾ ഇൻഡ്യാക്കാരനാണോ, എങ്കിൽ ഇവിടെ നിൽക്കരുത്. പെട്ടെന്നു പോയക്കോളൂ, ഇവിടെ ആകെ ലഹളയാണ്", എന്ന്. മറുവശത്തുകൂടി ഒരുപററം ആളുകൾ ആയുധങ്ങളുമായി ഓടിവരുന്നത് ശ്രദ്ധയിൽപെട്ടു. രക്ഷപെടുവാനല്ലാതെ മറെറാന്നുമാലോചിക്കുവാനില്ലാതെ നിന്നപ്പോൾ വന്ന ഒരു മഞ്ഞ ടാക്സിയിൽ കയറിയിട്ടു പറഞ്ഞു, 'ജൽദി ചലോ ഭായ്'... വണ്ടി ഒരു സെക്കന്റു പോലും പാഴാക്കാതെ ചീറിപാഞ്ഞു. പിന്നീടാണു മനസിലായത്, ബാബറി മസ്ജിദ് പോളിച്ചതിന്റെ മറവിൽ ഒരു കൂട്ടം ആളുകൾ പാക്കിസ്ഥാനി ചെറുപ്പക്കാരെ ലഹളക്കായി ഇറക്കി. അവരുടെ ലക്ഷ്യം ഷാർജയിലുള്ള തെന്നിൻഡ്യൻ റസ്റ്റോറന്റുകളും വ്യാപാരസ്ഥാപനങ്ങളുമായിരുന്നു. പക്ഷെ യു.എ.ഇ. ഗവണ്മെന്റ് ഉണർന്നു പ്രവർത്തിച്ചു. അവരുടെ കുതിരപ്പട്ടാളം ലഹളക്കാരെ വളഞ്ഞു. ജനങ്ങളുടെ ജീവനും സ്വത്തിനും അവർ സംരക്ഷണം നൽകി. ലഹളക്കാരായ 350 ളം പേരെ അറസ്റ്റു ചെയ്ത് ഇരുപത്തനാലു മണിക്കൂറിനകം വിസയും റദ്ദാക്കി പാക്കിസ്ഥാനിലേക്കും ഇൻഡ്യയിലേക്കുമായി തിരിച്ചയച്ചു. ബാക്കിയുള്ളവരെ ജയിലിലുമടച്ചു. അവിടെ നിയമത്തിന്റെ കർക്കശ്യം ഉണ്ടായിരുന്നു.

അടുത്ത ആഴ്ച തിരിച്ചു ബോംബേയിലെത്തേണ്ടതുണ്ടായിരുന്നു. പാതിരാവിൽ ' സാഹർ ഇന്റർനാഷണൽ എയർപോർട്ടിൽ' നിന്നും എന്റെ പഴയ ലാവണമായ 'സയണി'ലേയ്ക്ക്. ടാക്സി ഡ്രൈവർ പറഞ്ഞു, സർ, ഇവിടത്തെ അവസ്ഥ അൽപ്പം മോശമാണ്. എങ്കിലും ഞാൻ അയാൾക്കു ധൈര്യം പകർന്നു. ജീവന്റെ തുടിപ്പും ആഘോഷങ്ങളും ഏതർദ്ധരാത്രിയിലും നിലനിർത്തുന്ന നഗരത്തിലെന്തോ വിമ്മിഷ്ടപ്പെടുത്തുന്ന ശ്മശാനമൂകത. യാദൃശ്ചികമായാണ് ആൾക്കൂട്ടം ശ്രദ്ധിച്ചത്. ഒപ്പം കത്തിയമരുന്ന ഒരു തടിമില്ലും. എനിക്കു ശ്വാസം നിലച്ചതുപോലെയായി. എന്റെ പഴയകാല സുഹൃത്തായ മെഹമൂദ് ഷെയ്ക്കിന്റേതായിരുന്നു ആ മിൽ. ഞാൻ കണ്ട കാഴ്ച സത്യമാകരുതെ എന്ന പ്രാർത്ഥനയോടെ ഫ്ളാററിലെത്തി. പിറേറന്നു രാവിലെ കണ്ട പത്രവാർത്ത എന്നെ ഞെട്ടിച്ചു . ബോംബേ നഗരത്തിൽ കലാപം പടരുകയാണ്. ബാന്ദ്രയിലും സയണിലും മസ്ജിദ് ബന്ദറിലും ഭയന്തറിലും എല്ലാം. എന്നെ ഏറെ ദുഖിപ്പിച്ച വാർത്ത മെഹമൂദ് ഷെയ്ക്കിന്റെ കൊലപാതകമായിരുന്നു . പിന്നീടെപ്പോഴോ ഞാനറിഞ്ഞു, മെഹമൂദിന്റെ തടിമില്ലും സ്ഥലവും കലാപകാരികളിൽപെട്ട ഏതോ 'പുലിക്കുട്ടി 'കൈവശപ്പെടുത്തിയത്രെ.

ഇതെല്ലാം ഇപ്പോൾ ഓർമ്മിക്കുവാൻ കാരണം ഒറീസയിലെ കൻധമാൽ ജില്ലയിൽ നിന്നുള്ള കലാപ വാർത്തകളാണ്. വി.എച്ച്.പി. നേതാവ് ലക്ഷ്മണാനന്ദ സരസ്വതി സ്വാമിയും ഏതാനും അനുചരന്മാരും കൊല്ലപ്പെട്ടു. കൊലപാതകത്തിന്റെ ഉത്തരവാദിത്വം മാവോയിസ്റ്റു ഗ്രൂപ്പ് ഏറെറടുത്തുവെന്നും വാർത്തയുണ്ടായിരുന്നു. പക്ഷെ കലാപകാരികളുടെ ക്രോധം അടങ്ങുന്നില്ല. അവർ ഒരു വിഭാഗം ആളുകളേയും അവരുടെ ആരാധാനലയങ്ങളേയും ലക്ഷ്യം വച്ചിരിക്കുന്നു. അവരാകട്ടെ എല്ലാമുപേക്ഷിച്ചു കാടുകളിൽ അഭയം തേടി. ഹിന്ദുമതം സ്വീകരിച്ചാൽ കാടുകളിൽ നിന്ന് തിരികെ ഗ്രാമത്തിൽ പ്രവേശിപ്പിക്കാമെന്ന് പ്രക്ഷോഭകാരികൾ. പാവം ജനം ചില പ്രലോഭനങ്ങളിലോ സഹായങ്ങളിലോ വശംവദരായി മതം മാറിയെങ്കിൽ ഇപ്പോൾ ജീവനും ജീവിതത്തിനും വേണ്ടി വീണ്ടും മതം മാറുവാൻ പ്രേരിപ്പിക്കപ്പെടുന്നു. അതിനെ ന്യായീകരിക്കുവാൻ പ്രവീൺ തൊഗാഡിയാമാർ നേതൃത്വം നൽകുമ്പോൾ പള്ളികൾ നശിപ്പിച്ചാൽ പുനഃസൃഷ്ടിക്കാം. വിശ്വാസം തകർന്നാൽ പുനഃ സൃഷ്ടി സാദ്ധ്യമല്ല " എന്ന പ്രകോപനപരമായതോ, ഉദരസംരക്ഷണാർത്ഥമുള്ളതോ ആയ പ്രസ്താവനകളുമായി പരിശുദ്ധ തിരുമേനിമാരും രംഗത്തുണ്ട്. പുരാതനകാലം മുതൽ വിശാലമായ അർത്ഥത്തിൽ സമൂഹ്യസേവനവും വിദ്യാഭ്യാസ പ്രവർത്തനങ്ങളും നടത്തിയിരുന്ന മിഷ്യനറിമാർ സമൂഹത്തിലെ അശരണരായ സമസ്തരേയും ഗുണഭോക്താക്കളാക്കിയിരുന്നുവെങ്കിൽ ഇപ്പോൾ അത് ഒരു മതത്തിൽ പെട്ടവർക്കു മാത്രമായി ചുരുക്കി എന്ന സങ്കുചിതത്വം ആരോപിക്കപ്പെട്ടുകൊണ്ടുള്ള പരാതിയും പ്രതഷേധവുമാണോയെന്നും ശങ്കിക്കുന്നവരുണ്ട്. അതായത് പക്ഷപാതിത്വം സ്ഥാപിക്കപ്പെടുമ്പോൾ പക്ഷങ്ങൾ സജീവവും തീവ്രവുമാകുന്നു എന്നർത്ഥം.

" മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ് " എന്ന കാറൽമാക്സിന്റെ ആപ്തവാക്യം ജനങ്ങൾ മറന്നു തുടങ്ങിയോ ? ബംഗ്ലാദേശിലായാലും, പാക്കിസ്ഥാനിലായാലും, ഇസ്രയേൽ പാലസ്റ്റീൻ യുദ്ധത്തിലായാലും, ഇൻഡ്യയിലായാലുമൊക്കെ

സാധാരണക്കാരനു മാത്രം ദുരിതങ്ങൾ വിതറിക്കൊണ്ടുള്ള കലാപങ്ങളുടേയും, യുദ്ധങ്ങളുടേയും അടിസ്ഥാനം മതവും, മതതീവ്രവാദവും, തീവ്ര വിശ്വാസവുമൊക്കെയാണെങ്കിൽ ‘ മതമില്ലാത്ത ജീവിതത്തിലേക്ക് ‘വീണ്ടും ഒരു ചിന്തയും ചർച്ചയും അനിവാര്യമാക്കിയിരിക്കുന്നു, ഈ മതങ്ങളും വിശ്വാസവും.

**E-mail : vijaykumar.aol@gmail.com** **Mob : 944471 04740**

